പതിനാലാം കേരള നിയമസഭ

മൂന്നാം സമ്മേളനം

ചട്ടം 275 പ്രകാരമുള്ള സബ്സ്റ്റാന്റീവ് മോഷൻ

ശ്രീ.പിണറായി വിജയൻ,

മുഖ്യമന്ത്രി.

"കേന്ദ്ര സർക്കാർ 2016 നവംബർ 8-ന് പുറപ്പെടുവിച്ച വിജ്ഞാപനത്തിലൂടെ 500, 1000 രൂപയുടെ നോട്ടുകൾക്ക് നിയമ പ്രാബല്യം ഇല്ലാതായതിനെത്തുടർന്ന്, സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളെയും, പ്രാഥമിക വായ്പാസഹകരണ സംഘങ്ങളേയും പണമിടപാടുകളിൽനിന്ന് പൂർണ്ണമായും ഒഴിവാക്കുന്ന ഒരു അവസ്ഥയാണ് സംജാതമായിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ തികച്ചും ആകസ്മികമായ ഈ നയം കേരളത്തിലെ സഹകരണ മേഖലയെ തകർക്കുകയും സാധാരണ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കുകയും ചെയ്തിരിക്കുന്നു.

കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ, സമസ്ത മേഖലയേയും സ്പർശിക്കുന്നതും രാജ്യത്തിനുതന്നെ മാതൃകയുമാണ്. ഇന്ത്യയിൽ സഹകരണ ബാങ്കിംഗ് രംഗത്ത് സ്വരൂപിക്കുന്ന നിക്ഷേപത്തിന്റെ അറുപതു ശതമാനത്തോളം കേരളത്തിന്റെ വിഹിതമാണ്. കൂടാതെ കേരളത്തിലെ സംസ്ഥാന-ജില്ലാ-പ്രാഥമിക സഹകരണ ബാങ്കുകളിൽ 3.51 കോടി അക്കൗണ്ടുകളും 1.27 ലക്ഷം കോടി രൂപയുടെ നിക്ഷേപവും ഒരു ലക്ഷം കോടി രൂപയുടെ വായ്പയും നിലവിലുണ്ട്. അതോടൊപ്പം നഗര-ഗ്രാമ വ്യത്യാസമില്ലാതെ സമസ്ത ജനവിഭാഗങ്ങളുടേയും സാമ്പത്തിക ക്രയവിക്രയങ്ങളുടെ ജീവനാഡികൂടിയാണ് സഹകരണ പ്രസ്ഥാനം. സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപത്തിൽ ഒരു പൈസ പോലും നഷ്ടപ്പെടില്ല എന്ന് സംസ്ഥാന സർക്കാർ ഉറപ്പുനൽകിയ നടപടി സഹകരണ മേഖലയുടെ വിശ്വാസ്യത ഒന്നുകൂടി ഉയർത്തുമെന്ന് ഈ സഭ ആത്മാർത്ഥമായി വിശ്വസിക്കുന്നു.

ലോകശ്രദ്ധ നേടിയ കേരള വികസന മാതൃകയുടെ ശക്തിസ്രോതസ്സുകളിൽ ഒന്നായ സംസ്ഥാന സഹകരണ മേഖലയെ ദുർബലപ്പെടുത്തുന്നതും കേരള സംസ്ഥാനത്ത് സാമ്പത്തിക അരാജകത്വവും അസ്വസ്ഥതയും സൃഷ്ടിക്കുന്നതും ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന തുല്യനീതി നിഷേധിക്കുന്നതുമായ നടപടികൾ കേന്ദ്രസർക്കാർ അടിയന്തിരമായി പിൻവലിക്കണമെന്നും 97-ാം ഭരണഘടന ഭേദഗതിയിലൂടെ രാജ്യത്തെ സഹകരണസ്ഥാപനങ്ങൾ നേടിയെടുത്ത അംഗീകാരവും ആധികാരികതയും പൂർണ്ണമായി ഉൾക്കൊള്ളണമെന്നും അസാധുവാക്കപ്പെട്ട നോട്ടുകൾ നിക്ഷേപമായി സ്വീകരിക്കുന്നതിനും ആവശ്യാനുസരണം മാറ്റിയെടുക്കുന്നതിനും ദേശസാൽകൃത, മറ്റ് വാണിജ്യ ബാങ്കുകൾക്ക് അനുവദിച്ചതുപോലെയുള്ള അനുവാദം വേർതിരിവില്ലാതെ സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും നൽകണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. "

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2016 നവംബർ 22

വി.കെ.ബാബുപ്രകാശ്,
സെക്രട്ടറി.

OS.B/BS/22.11.2016